പത്താം ക്ളാസ്സ് വരെ മലബാറിൽ പഠിക്കുകയും അതു കഴിഞ്ഞ് കോഴിക്കോടോ വയനാടോ കണ്ണൂരിലോ കാസർഗോഡോ വന്നു പഠിക്കുന്ന ഒരു വിദ്യാർത്ഥി ജനിച്ചതും വളർന്നതും മലബാറിൽ തന്നെയാണ്. പക്ഷേ ആ കുട്ടിക്ക് എറണാകുളത്തുള്ള ഏതെങ്കിലും ഹയർ സെക്കന്ററി സ്കൂളിൽ പഠിക്കേണ്ടി വന്നാൽ, തിരുവനന്തപുരത്തു പഠിക്കേണ്ടി വന്നാൽ മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനത്തിനുള്ള പരിഗണനയിൽ വരുമ്പോൾ ആ കുട്ടിയെ പരിഗണിക്കുന്നത് മലബാറുകാരനായിട്ടല്ല. വളരെ വൈരുദ്ധ്യമാണിത്. ജനിച്ചുവളർന്ന നാടിന്റെ അംഗീകാരം കിട്ടാത്ത അവസ്ഥയാണ് ഇന്നുള്ളത്. അതുകൊണ്ട് നിലവിലുള്ള ഈ നിയമം മാറ്റിക്കൊണ്ട് ജനിച്ചു വളർന്ന നാടിനും സ്കൂളിനും പ്രാധാന്യം കൊടുക്കണം. അതുപോലെ മിനിമം ഹയർ സെക്കന്ററി സർട്ടിഫിക്കറ്റാണ് ഇവിടെ പ്രവേശനത്തിനു ചോദിക്കുന്നത്. അതിനു പകരം പത്താം ക്ളാസ്സ് വരെയെങ്കിലും ജനിച്ചു വളർന്ന പഴയ സ്ഥലത്താണ് പഠിച്ചിട്ടുള്ളതെങ്കിൽ അവിടെ കൊടുക്കുന്നതിനുള്ള ഒരു തീരുമാനമുണ്ടാകണം. അതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, ബഹുമാനപ്പെട്ട ശ്രീ. എ. പി. അനിൽകുമാർ ഉന്നയിച്ച പ്രശ്നം ഒന്നുകൂടി പരിശോധിച്ചതിനുശേഷം ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്. ഇപ്പോൾ കേരളത്തിനുപുറത്ത് പഠനസൗകര്യമുള്ള പ്രദേശങ്ങളിൽ യോഗ്യതാപരീക്ഷയ്ക്ക് പഠിച്ച കേരളീയനായ ഒരാൾക്ക് മുൻവർഷങ്ങളിൽ ഈ ആനുകൂല്യം ലഭിച്ചിരുന്നു. അത് നിർത്തൽ ചെയ്യുകയാണ്. അതുവഴി മലബാറിൽ പഠിച്ച വിദ്യാർത്ഥികൾക്ക് സംവരണാനുകൂല്യം നഷ്ടപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ചു നോക്കിയിട്ട് ആവശ്യമായ ഭേദഗതി വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

(4) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

ശ്രീ. സാജുപോൾ: സർ, ഇറിഗേഷൻ വകുപ്പിനുകീഴിൽ സംസ്ഥാനത്ത് 450 ചെറുകിട ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളാണുള്ളത്. ഇതിൽ 131 എണ്ണം എറണാകുളം ജില്ലയിലാണ്. തകർന്നു വീഴാറായ പമ്പുസെറ്റുകൾ, പ്രവർത്തന രഹിതമായ മോട്ടോർ പമ്പുകൾ, പൊട്ടിപ്പൊളിഞ്ഞ കനാലുകൾ, മണൽ വാരൽമൂലവും മറ്റും പുഴയുടെ ആഴം കൂടി പമ്പിംഗ് നടക്കാത്തതിന്റെ പ്രശ്നങ്ങൾ തുടങ്ങി നിരവധി പരാധീനതകൾ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ അഭിമുഖീകരിക്കുകയാണ്. എറണാകുളം ജില്ലയുൾപ്പെടെയുള്ള, ലക്ഷക്കണക്കിനുവരുന്ന ജനങ്ങളുടെ കുടിവെള്ളം, ജലസേചനം തുടങ്ങിയ പ്രശ്നങ്ങൾക്ക് അല്പമെങ്കിലും ആശ്വാസം തരുന്നത് ഈ പദ്ധതികളാണ്. ഇപ്പോൾ അവിടെ അറ്റകുറ്റപ്പണികൾ യാതൊന്നും നടക്കുന്നില്ല. കരാറുകാർക്ക് ഭീമമായ തുക കുടിശ്ശികയായി കൊടുത്തു തീർക്കാനുള്ളതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അവർ പുതിയ ജോലികളൊന്നും ഏറ്റെടുക്കുന്നില്ല. വൈദ്യുതി ചാർജ്ജ് കുടിശ്ശിക വലിയ തുക വന്നിരിക്കുകയാണ്. നിസ്സാര സംഗതികൾക്കുവരെ തിരുവനന്തപുരത്തു നിന്നും ചീഫ് എഞ്ചിനീയർ അനുവാദം കൊടുക്കേണ്ട അവസ്ഥയാണ് നിലവിലുള്ളത്. ഇലക്ട്രിക്കൽ ജോലികൾ പൊതുമരാമത്ത് ചീഫ്എഞ്ചിനീയറുടെ മേൽനോട്ടത്തിൽ നടക്കുന്നതിനാൽ അതു സംബന്ധിച്ചുള്ള യാതൊരു ഏകോപനവും ഇല്ല. മാത്രവുമല്ല കാലതാമസം വരികയുമാണ്. ഇന്ന് കൃഷിക്കാർ വലിയ പ്രതിസന്ധിയിലാണ്. ഓഫീസുകൾ ഘെരാവോ ചെയ്തും ഉദ്യോഗസ്ഥരെ തടഞ്ഞു വച്ചും ജനങ്ങൾ പ്രതികരിച്ചു തുടങ്ങിയ അവസ്ഥയാണിന്നുള്ളത്. അതുസംബന്ധിച്ചെല്ലാം നിരവധി വാർത്തകൾ വന്നിട്ടുണ്ട്. കേരള കർഷക സംഘംപോലെയുള്ള സംഘടനകൾ അതിശക്തമായ പ്രക്ഷോഭത്തിനു തയ്യാറെടുക്കുകയാണ്. അതുപോലെ വിലത്തകർച്ചയും കടക്കെണിയുംമൂലം കൃഷിക്കാർ കൂട്ട ആത്മഹത്യയിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. എറണാകുളം ജില്ലയിൽ ആകെ പ്രതിസന്ധിയുണ്ടാക്കിയിരിക്കുകയാണ്. ശ്രീ. പി. ജെ. ജോയി മുതൽ ശ്രീ. ജോണി നെല്ലൂർ വരെയുള്ളവരുടെ മണ്ഡലങ്ങളിൽ ഏറ്റവും ഗൗരവമായ പ്രശ്നമാണിത്. പണി പൂർത്തിയാകാത്തതുൾപ്പെടെ 16 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ എന്റെ മണ്ഡലത്തിലുണ്ട്. കൃഷിക്കാരെ സംബന്ധിച്ച് ഒരു ചൊല്ലുണ്ട്. കടത്തിൽ ജനിച്ച്, കടത്തിൽ വളർന്ന്, കടത്തിൽ മരിക്കേണ്ടി വരുന്ന അവസ്ഥയാണ് അവർക്കുള്ളത്. എഴുതി നേടൽ ഉത്തമം, ഉഴുതുനേടൽ അത്യുത്തമം എന്നുള്ളതുകൊണ്ടാണ് ഈ മേഖലയിലേയ്ക്ക് ആളുകൾ പോകുന്നത്. ഇനി അതിനുപകരം പൊരുതി നേടൽ ഉത്തമം, പൊരുതി മരിക്കൽ അത്യുത്തമം എന്ന് തീരുമാനിക്കത്തക്ക അവസ്ഥയിലേയ്ക്ക് എത്താതെ എത്രയും പെട്ടെന്ന് ഇതിനു പരിഹാരം ഉണ്ടാക്കണം. ചില ഉയർന്ന ഉദ്യോഗസ്ഥർ, ചീഫ്എഞ്ചിനീയർ അടക്കമുള്ളവർ യാതൊരു തരത്തിലുള്ള ഉത്തരവാദിത്വവുമില്ലാതെ, ബന്ധപ്പെട്ടവർ യോഗം വിളിച്ചാൽ വരാനോ അല്ലെങ്കിൽ ജനപ്രതിനിധികൾക്കാവശ്യമായ വിവരങ്ങൾ കൊടുക്കുന്നതിനോ തയ്യാറാകാത്ത സ്ഥിതിയാണുള്ളത്. 29-ാം തീയതി ഞാൻ തന്നെ ചോദിച്ച ഒരു ചോദ്യത്തിനു വിവരം ശേഖരിച്ചു വരുന്നു എന്നാണ് ഉത്തരം ലഭിച്ചത്. എല്ലാ ചോദ്യങ്ങൾക്കും വിവരം ശേഖരിച്ചുവരികയാണ്. പെരിയാർ വാലി പദ്ധതിയിൽ ഒരുപാടു കാര്യങ്ങൾ ഈ രണ്ടരവർഷക്കാലത്തിനിടയിൽ ബഹുമാനപ്പെട്ട മന്ത്രി ചെയ്തുതന്നു എന്ന് തുറന്നു പറയാൻ ഞാൻ തയ്യാറാണ്. പക്ഷേ ഇത്രയും ഗൗരവമുള്ള ഒരു പ്രശ്നത്തെക്കുറിച്ച് ഗവൺമെന്റിനോ മന്ത്രിക്കോ തിരുവനന്തപുരത്തിരുന്നു വിലസുന്ന ഉദ്യോഗസ്ഥർക്കോ ഒരു വിവരവുമില്ല; ഒരു താല്പര്യവുമില്ല എന്നുള്ളതിന്റെ തെളിവാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഈ മറുപടി. അതുകൊണ്ട് എത്രയും പെട്ടെന്ന് ഈ പ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടാക്കണം. അല്ലെങ്കിൽ അതീവ ഗുരുതരമായ അവസ്ഥയിലേയ്ക്ക് എറണാകുളം ജില്ലയിലെ കാര്യങ്ങൾപോകുന്നു എന്ന് അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ചോദ്യങ്ങൾക്ക് സഭയിൽ മറുപടി നൽകുമ്പോൾ പൂർണ്ണമായും വിവരങ്ങൾ ഫയലിൽ കിട്ടിയില്ലെങ്കിൽ വിവരം ശേഖരിച്ചു വരുന്നുവെന്നേ പറയാൻ പറ്റുകയുള്ളൂ. അതിന്റെ അർത്ഥം, ഡിപ്പാർട്ട്മെന്റിൽ നടക്കുന്ന കാര്യങ്ങൾ മന്ത്രിക്ക് അറിയില്ല അല്ലെങ്കിൽ ഉയർന്ന ഉദ്യോഗസ്ഥർക്ക് അറിയില്ല എന്നു പറയുന്നതു തെറ്റാണ്. അങ്ങനെ മാത്രമേ മറുപടി പറയാൻ പറ്റൂ. വേണമെങ്കിൽ മറ്റ് മന്ത്രിമാരോടു ചോദിച്ചു നോക്കുക. പണ്ട് മന്ത്രിമാരായിരുന്നവർ അപ്പുറത്തുണ്ടല്ലോ, അവരോടു ചോദിച്ചു നോക്കിയാൽ മതി. വിവരം ശേഖരിച്ചു വരുന്നുവെന്ന് ഏതെങ്കിലുമൊരു ഉപചോദ്യത്തിനു മറുപടി നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ ഡീറ്റെയിൽസ് മുഴുവൻ gather ചെയ്തിട്ട് ബഹുമാനപ്പെട്ട മെമ്പർക്ക് അയച്ചുകൊടുക്കും. അതാണ് നടപടിക്രമം ഇത് high light ചെയ്ത് ഇവിടെ പറഞ്ഞതുകൊണ്ടു മാത്രം ഞാൻ സൂചിപ്പിച്ചുവെന്നേയുള്ളൂ.

കേരളത്തിൽ 430-ഓളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുണ്ട്. ഞാൻ അതിന്റെ ഡീറ്റെയിൽസിലേക്ക് പോകുന്നില്ല. ധാരാളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുള്ള ഒരു പ്രദേശമാണ് എറണാകുളം ജില്ല. 135-136 സ്കീമുകൾ അവിടെ ഇപ്പോൾത്തന്നെ നിലവിലുണ്ട്. പമ്പ് സെറ്റുകളെ സംബന്ധിച്ചു പറയുകയാണെങ്കിൽ 25 വർഷം മുതൽ 50 വർഷം വരെ കാലപ്പഴക്കമുള്ള മോട്ടോർ പമ്പുകളുണ്ട്. ഇതിനൊക്കെ റിപ്പയർ എപ്പോഴും ആവശ്യമായി വരുന്നുണ്ട്. 2003 ഫെബ്രുവരി വരെയുള്ള കുടിശ്ശികകളാണ് കൊടുത്തുതീർത്തത്. അതിനുശേഷമുള്ള കുടിശ്ശികകളുണ്ട്. ഞാൻ ഇന്നലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സംസാരിച്ച് മോട്ടോർ നന്നാക്കുന്നതിനും പണിയെടുത്തതിന്റേയും മെക്കാനിക്കൽ മറ്റുമുള്ള കാര്യങ്ങൾക്കും ഇതുവരെ ചെലവായ തുക റിലീസ് ചെയ്യാനുള്ള ഏർപ്പാട് ചെയ്തുകഴിഞ്ഞു. മിക്കവാറും ഇന്ന് അതിന്റെ എൽ. സി. ഇഷ്യൂ ചെയ്യുമെന്നാണ് എനിക്കു ലഭിച്ച വിവരം. അപ്പോൾ ആ പ്രശ്നത്തിനു പരിഹാരമാകും. അപ്പോൾ കരാറുകാർ നിർമ്മാണ രംഗത്തേയ്ക്കു വരും. അതിലുപരിയായി ശ്രീ. സാജുപോൾ പറഞ്ഞതുപോലെ എറണാകുളം ജില്ലയിലേയും തൃശൂർ ജില്ലയിലേയും പല എം. എൽ. എ.-മാരും എന്റെയടുത്തു വന്ന് ഇക്കാര്യങ്ങൾ സംബന്ധിച്ച് സംസാരിച്ചു. 6-ാം തീയതിക്കുശേഷം ഇതിനുവേണ്ടി ഒരു കോൺഫറൻസ് നടത്തും. അതിൽ എം. എൽ. എ.-മാരെക്കൂടി വിളിച്ചിട്ടുണ്ട്. ആ കോൺഫറൻസിൽ വച്ച് ഈ വിഷയങ്ങളെല്ലാം ഡീറ്റെയിൽഡായി ചർച്ച ചെയ്ത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്

(5) വനിതാ കോൺസ്റ്റബിൾമാരുടെ നിയമനം

ശ്രീ. കെ. കെ. ഷാജു: സർ, സംസ്ഥാനത്തെ വിവിധ ബറ്റാലിയനുകളിൽ വനിതാ കോൺസ്റ്റബിൾമാരെ നിയമിക്കുന്നതു സംബന്ധിച്ചാണ് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുന്നത്. ഈ ലിസ്റ്റ് നിലവിൽ വന്നത്

LIBRARY ARCHIVES Kerala Legislative Assembly